# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1317 — 03.12.2015 ൽ മറുപടിയ്ക്ക്

### പുതിയ മാവേലി സ്റ്റോറുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബി.ഡി. ദേവസ്സി | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട മേലൂർ പഞ്ചായത്തിലെ അടിച്ചിലിയിലും കൊരട്ടി പഞ്ചായത്തിലെ വാലുങ്ങാമുറിയിലും പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ? | (എ) സപ്ലൈകോ വിൽപ്പനശാലകൾ ഇല്ലാത്ത ഗ്രാമ പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾക്കാണ് ഇപ്പോൾ സപ്ലൈകോ മുൻഗണന നൽകി വരുന്നത്. ചാലക്കുടി നിയോജക മണ്ഡലത്തിൽപ്പെട്ട കൊരട്ടി പഞ്ചായത്തിൽ കൊരട്ടിയിൽ ഒരു സൂപ്പർ മാർക്കറ്റും, മേലൂർ പഞ്ചായത്തിലെ മേലൂരിൽ ഒരു മാവേലി സ്റ്റോറും നല്ല രീതിയിൽ പ്രവർത്തിച്ച് വരുന്നുണ്ട്. നിലവിൽ സപ്ലൈകോ ഔട്ട് ലെറ്റ് പ്രവർത്തിക്കുന്നതായ പഞ്ചായത്തിൽ രണ്ടാമത് ഒരു ഔട്ട് ലെറ്റ് ആരംഭിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സർക്കാർ മാനദണ്ഡങ്ങൾക്ക് അനുസൃതമായി മാവേലി സ്റ്റോർ തുടങ്ങുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ 500 ച. അടിയിൽ കുറയാത്ത വാടക രഹിത കെട്ടിടവും, (സ്റ്റോർ പ്രവർത്തിക്കുന്ന കാലത്തോളം), കംപ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ, ഫർണിഷിംഗ് എന്നിവയ്ക്കായി ഒരു ലക്ഷം രൂപയും നൽകാൻ തയ്യാറാവുന്ന മുറയ്ക്കും, സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ സാമൂഹികമായും, വാണിജ്യപരമായും ഗുണമാണെന്ന് കണ്ടാൽ പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷയിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

Beena

സെക്ഷൻ ഓഫീസർ